ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം
# പ്രാദേശിക വാർത്തകൾ

**TIME: 06.30 PM** **DATE:05.05.2025**

## പ്രധാനവാർത്തകൾ

1. പഹൽഗാം ഭീകരാക്രമണത്തിൻറെ പശ്ചാത്തലത്തിൽ കേന്ദ്ര പ്രതിരോധ സെക്രട്ടറി പ്രധാനമന്ത്രി നരേന്ദ്ര മോദിയുമായി കൂടിക്കാഴ്ച നടത്തി. പാകിസ്ഥാനെതിരായ നടപടികളുടെ ഭാഗമായി ചെനാബ്. നദിയിലെ ജലമൊഴുക്ക് തടഞ്ഞ് ഇന്ത്യ.
2. വഖഫ് നിയമ ഭേദഗതി സംബന്ധിച്ച ഹർജികൾ ജസ്റ്റിസ് ബി ആർ ഗവായിയുടെ ബഞ്ചിന് വിട്ട് സുപ്രീംകോടതി.
3. കോഴിക്കോട് മെഡിക്കൽ കോളേജിലെ അത്യാഹിത വിഭാഗത്തിൽ ഇന്ന് വീണ്ടും പുക പടർന്ന സംഭവത്തിൽ സമഗ്ര അന്വേഷണം പുരോഗമിക്കുന്നതായി ആരോഗ്യമന്ത്രി വീണാ ജോർജ്ജ്.
4. നിലമ്പൂർ ഉപതിരഞ്ഞെടുപ്പിനുള്ള അന്തിമ വോട്ടർപട്ടിക പ്രസിദ്ധീകരിച്ചു
5. വിശ്വപ്രസിദ്ധ തൃശൂർ പൂരം നാളെ. പൂരവിളംബര ത്തിന് സാക്ഷിയായി ആയിരങ്ങൾ.
6. ഐ.പി.എൽ ക്രിക്കറ്റിൽ ഇന്ന് , സൺറൈസേഴ്സ് ഹൈദരാബാദ്, ഡൽഹി ക്യാപിറ്റൽസിനെ നേരിടും.

&&&&&&&&&&&&&&&&&&&&&

RNU TVM

## പി എം- പ്രതിരോധ സെക്രട്ടറി

പഹൽഗാം ഭീകരാക്രമണത്തിൻറെ പശ്ചാത്തലത്തിൽ കേന്ദ്ര പ്രതിരോധ സെക്രട്ടറി രാജേഷ് കുമാർ സിംഗ് ഇന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദിയെ ന്യൂഡൽഹിയിലെ വസതിയിൽ സന്ദർശിച്ചു. കര, വ്യോമ, നാവിക സേനാ മേധാവികളുമായും പ്രധാനമന്ത്രി കഴിഞ്ഞ ദിവസം വെവ്വേറെ കൂടിക്കാഴ്ചകൾ നടത്തിയിരുന്നു. ജമ്മു കശ്മീരിലെ നിയന്ത്രണ രേഖയിൽ പാകിസ്ഥാൻ പത്ത് ദിവസമായി വെടിനിർത്തൽ ലംഘനം തുടരുകയാണ്. ഇന്ത്യൻ സേന ശക്തമായ മറുപടി നൽകുന്നുണ്ട്. ഭീകരാക്രമണത്തിൻറെ പശ്ചാത്തലത്തിൽ, പാകിസ്ഥാനെതിരെ സ്വീകരിച്ചുവരുന്ന നടപടികളുടെ ഭാഗമായി, ചെനാബ് നദിയിലെ ബാഗ്ലിഹാർ അണക്കെട്ടിലൂടെ യുള്ള ജലമൊഴുക്ക് ഇന്ത്യ തടഞ്ഞു. ഝലം നദിയിലെ കിഷൻഗംഗ അണക്കെട്ടിലും സമാന നടപടി സ്വീകരിക്കാൻ ഒരുങ്ങുകയാണ്. ഭീകരാക്രമണത്തിന് പിന്നാലെ സിന്ധു നദീജല കരാർ ഇന്ത്യ മരവിപ്പിച്ചിരുന്നു. സിന്ധു നദിയിൽ നിന്നും, പോഷക നദികളിൽ നിന്നുമുള്ള ജലം പാകിസ്ഥാനിലേക്ക് എത്തരുതെന്ന തീരുമാനത്തിന്റെ ഭാഗമായാണ് നടപടി. അതേസമയം ഭീകരതയ്ക്കെതിരെ ഇന്ത്യ നടത്തുന്ന ശ്രമങ്ങൾക്ക് റഷ്യ പൂർണ പിന്തുണ അറിയിച്ചു. പ്രധാനമന്ത്രി നരേന്ദ്ര മോദിയുമായി നടത്തിയ ടെലിഫോൺ സംഭാഷണത്തിലാണ് റഷ്യൻ പ്രസിഡൻറ് വ്ളാഡിമിർ പുടിൻ പിന്തുണ അറിയിച്ചത്.

&&&&&&&&&&&&&&&&&&&&&

## സുപ്രീംകോടതി - വഖഫ്

വഖഫ് ഭേദഗതി നിയമം 2025 ൻറെ ഭരണഘടനാ സാധുത ചോദ്യം ചെയ്ത് സമർപ്പിച്ച ഹർജികൾ ജസ്റ്റിസ് ബി ആർ ഗവായിയുടെ ബഞ്ചിന് വിട്ട് സുപ്രീംകോടതി. ഹർജികളിൽ ഇന്ന് വാദം കേട്ട ചീഫ് ജസ്റ്റിസ് സഞ്ജീവ് ഖന്ന, ജസ്റ്റിസുമാരായ സഞ്ജയ് കുമാർ, കെ വി വിശ്വനാഥ് എന്നിവരടങ്ങിയ ബഞ്ചിൻറേതാണ് നടപടി. ഹർജികളിൽ ഈ മാസം 15ന് വീണ്ടും വാദം കേൾക്കും. 14

RNU TVPM

നാണ് പുതിയ ചീഫ് ജസ്റ്റിസായി ബി ആർ ഗവായി സ്ഥാനമേൽക്കുന്നത്. എതിർ സത്യവാങ്മൂലത്തിലെ വിശദാംശങ്ങൾ ആഴത്തിൽ പരിശോധിച്ചിട്ടില്ലെന്നും, പുതിയ ചീഫ് ജസ്റ്റിസിൻറെ ബെഞ്ചിന് ഹർജികൾ കൈമാറുകയാണെന്നും ജസ്റ്റിസ് സഞ്ജീവ് ഖന്ന പറഞ്ഞു.

&&&&&&&&&&&&&&&&&&&&&&

<u>രാഷ്ട്രപതി</u>

രാഷ്ട്രപതി ദ്രൗപദി മുർമു രണ്ടു ദിവസത്തെ സന്ദർശനത്തിനായി ഈ മാസം 18 ന് കേരളത്തിലെത്തും. ശബരിമല ക്ഷേത്രത്തിൽ രാഷ്ട്രപതി ദർശനം നടത്തും. ഇതാദ്യമായാണ് ഒരു രാഷ്ട്രപതി ശബരിമലയിൽ ദർശനത്തിനെത്തുന്നത്. ഇത് സംബന്ധിച്ച ഔദ്യോഗിക അറിയിപ്പ് രണ്ട് ദിവസത്തിനുള്ളിലുണ്ടാകും. രാഷ്ട്രപതിയുടെ സന്ദർശനത്തിന്റെ പശ്ചാത്തലത്തിൽ ശബരിമലയിൽ സുരക്ഷാ മുന്നൊരുക്കങ്ങൾ ദ്രുതഗതിയിലാക്കി. പാലാ സെന്റ് തോമസ് കോളേജ് ജൂബിലി സമ്മേളനത്തിലും ശ്രീമതി മുർമു പങ്കെടുക്കുമെന്നാണ് റിപ്പോർട്ടുകൾ.

RNU TVPM

&&&&&&&&&&&&&&&&&&&&&&

<u>കോഴിക്കോട് തീപിടിത്തം - വീണാ ജോർജ്ജ് (ഇൻട്രോ)</u>

കോഴിക്കോട് മെഡിക്കൽ കോളേജിലെ അത്യാഹിത വിഭാഗത്തിൽ ഇന്ന് വീണ്ടും പുക പടർന്ന സംഭവത്തിൽ സമഗ്ര അന്വേഷണം പുരോഗമിക്കുകയാണെന്ന് ആരോഗ്യമന്ത്രി വീണാ ജോർജ്ജ്. അപകടത്തിൻറെ യഥാർത്ഥ കാരണം വിശദമായ സാങ്കേതിക അന്വേഷണത്തിന് ശേഷമെ അറിയാൻ സാധിക്കൂ. പരിശോധനയ്ക്കിടെ വീണ്ടും പുക ഉയർന്ന സാഹചര്യത്തിൽ സമ്പൂർണ ഫയർ ഓഡിറ്റ് നടത്താൻ നിർദേശം നൽകിയതായും ആരോഗ്യമന്ത്രി അറിയിച്ചു.

(വോയിസ്)

കോഴിക്കോട് മെഡിക്കൽ കോളെജിൽ ആറാം നിലയിലാണ് ഇന്ന് തീപ്പൊരിയും പുകയും ഉയർന്നത്. ഫയർഫോഴ്സ് എത്തി സ്ഥിതിഗതികൾ നിയന്ത്രണ

വിധേയമാക്കി. അത്യാഹിതവിഭാഗത്തോട് ചേർന്ന യുപിസ് റൂമിൽ നിന്നും കഴിഞ്ഞ ദിവസം പുകയുയർന്നതിൻ്റെ തുടർച്ചയായി സുരക്ഷാ പരിശോധനകൾ നടക്കുന്നതിനിടെയാണ് സംഭവം. സംഭവത്തിൽ ഗുരുതര വീഴ്ചയുണ്ടെന്നും, കെട്ടിട നിർമാണത്തിലടക്കം അപാകത ഉണ്ടായതായും ആരോപിച്ച് കോൺഗ്രസ് ഉൾപ്പെടെയുള്ള സംഘടനകൾ രംഗത്തെത്തി.

&&&&&&&&&&&&&&&&&&&&&

## പേവിഷ പ്രതിരോധം

പേവിഷബാധയേറ്റ് ഏഴ് വയസുകാരി മരിച്ച സംഭവത്തിൽ കൊല്ലം വിളക്കുടി ഗ്രാമപഞ്ചായത്ത് പ്രതിരോധ പ്രവർത്തനങ്ങൾ ഊർജിതമാക്കും. 15 വയസിൽ താഴെയുള്ള എല്ലാ കുട്ടികൾക്കും പ്രതിരോധ കുത്തിവെയ്പ്പ് നൽകാൻ തീരുമാനിച്ചു. തെരുവ് നായ്ക്കളുടെ വന്ധ്യംകരണം കൂടുതൽ കാര്യക്ഷമമാക്കും. കുരിയോട്ടുമലയിലെ ഷെൽട്ടറിൻ്റെ പണി പൂർത്തിയാകുന്നതിന് അനുസരിച്ച് തെരുവ് നായ്ക്കളെ അവിടേക്ക് മാറ്റാനും തീരുമാനിച്ചു. നിലവിലുള്ള ജാഗ്രത സമിതികളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കാനും തീരുമാനമായി. അതേസമയം വാക്സിൻ എടുത്തിട്ടും കുട്ടി മരിക്കാൻ ഇടയായ സാഹചര്യത്തിൽ, പേവിഷ പ്രതിരോധ വാക്സിൻ ഫലപ്രദമല്ലെന്നുള്ള ആക്ഷേപങ്ങൾ തള്ളി ആരോഗ്യ വകുപ്പ് രംഗത്തെത്തി. കയ്യിലെ നാഡിയിലേറ്റ ആഴമേറിയ മുറിവാണ് മരണകാരണമെന്ന് എസ് എ ടി ആശുപത്രി സൂപ്രണ്ട് ഡോ.എസ്. ബിന്ദു പറഞ്ഞു.

&&&&&&&&&&&&&&&&&&&&&

## നിലമ്പൂർ വോട്ടർ പട്ടിക

നിലമ്പൂർ നിയമസഭാ ഉപതിരഞ്ഞെടുപ്പിൻ്റെ പശ്ചാത്തലത്തിലുള്ള അന്തിമ വോട്ടർപട്ടിക തിരഞ്ഞെടുപ്പ് കമ്മീഷൻ പ്രസിദ്ധീകരിച്ചു. പുതുക്കിയ പട്ടിക അനുസരിച്ച്, മണ്ഡലത്തിലെ ആകെ വോട്ടർമാരുടെ എണ്ണം 2 ലക്ഷത്തി 32,384 ആണ്. വോട്ടിംഗ് വേഗത്തിലാക്കാൻ

PNU VPM

സൗകര്യമൊരുക്കുന്നതിനായി 59 പുതിയ പോളിംഗ് സ്റ്റേഷനുകളും ആരംഭിച്ചിട്ടുണ്ട്.

&&&&&&&&&&&&&&&&&&&&&

തൃശൂർ പൂരം- Intro

പൂര വിളംബരം കഴിഞ്ഞതോടെ തൃശ്ശിവപേരൂരിൻറെ മണ്ണ് പൂരത്തിനായി ആവേശപൂർവ്വം ഒരുങ്ങികഴിഞ്ഞു. നാളെയാണ് വിശ്വപ്രസിദ്ധ തൃശൂർ പൂരം.

**വിശദാംശങ്ങളുമായി ആകാശവാണി തൃശൂർ ജില്ലാ പ്രതിനിധി ഭരിത പ്രതാപ്.**

**(വോയിസ്)**

&&&&&&&&&&&&&&&&&&&&&

വീണാ ജോർജ്

സാമൂഹികാധിഷ്ഠിത ലഹരി വിമുക്ത സേവനങ്ങൾ ശക്തിപ്പെടുത്തുമെന്ന് ആരോഗ്യ മന്ത്രി വീണാ ജോർജ്. കുട്ടികളെ ജീവിതത്തിലേയ്ക്ക് തിരികെയെത്തിക്കാൻ സ്നേഹപൂർണമായ പരിചരണം ഒരുക്കണമെന്നും ഡിഅഡിക്ഷൻ സെന്ററുകളുടെ അവലോകന യോഗത്തിൽ മന്ത്രി നിർദേശം നൽകി. എല്ലാ ഡിഅഡിക്ഷൻ സെന്ററുകൾക്കും രജിസ്ട്രേഷൻ നിർബന്ധമാണെന്നും, അംഗീകൃത യോഗ്യതയുള്ളവരെ മാത്രം ഇവിടെ ചികിത്സയ്ക്കായി നിയോഗിക്കണമെന്നും മന്ത്രി പറഞ്ഞു. പൊതുജനങ്ങൾക്ക് ലഭ്യമാക്കാനായി സംസ്ഥാനത്തെ സർക്കാർ സ്വകാര്യ സ്ഥാപനങ്ങളിലെ ഡിഅഡിക്ഷൻ സെന്ററുകളുടെ ഡയറക്ടറി തയ്യാറാക്കും.

RNU TVPM

&&&&&&&&&&&&&&&&&&&&&

മന്ത്രി വി ശിവൻകുട്ടി

പൊതു വിദ്യാഭ്യാസ വകുപ്പിന്റെ പേരിൽ വ്യാജ വെബ്സൈറ്റ് ഉണ്ടാക്കി തട്ടിപ്പ് നടത്തുന്ന സംഭവത്തിൽ ഡിജിപിക്ക് പരാതി നൽകി വിദ്യാഭ്യാസ മന്ത്രിയുടെ ഓഫീസ്. കേരള ബോർഡ് ഓഫ് പബ്ലിക് എക്സാമിനേഷൻറെ പേരിൽ വ്യാജ വെബ്സൈറ്റ് സൃഷ്ടിച്ച് എസ്.എസ്.എൽ.സി., പ്ലസ്ടു കോഴ്സുകളും പരീക്ഷകളും നടത്തുന്നു എന്ന വാർത്തയുടെ

അടിസ്ഥാനത്തിലാണ് അന്വേഷണം ആവശ്യപ്പെട്ട് കത്ത് നൽകിയത്.

&&&&&&&&&&&&&&&&&&&&&

## നാലാം വാർഷികം

സംസ്ഥാന സർക്കാരിൻറെ നാലാം വാർഷികത്തോടനുബന്ധിച്ച് പാലക്കാട് ചേർന്ന ജില്ലാതല യോഗത്തിൽ മുഖ്യമന്ത്രി പിണറായി വിജയൻ പങ്കെടുത്തു . വിവിധ മേഖലകളിൽ നിന്നുള്ളവർ പങ്കെടുത്ത ചർച്ചയിൽ ജില്ലയുടെ സവിശേഷതകൾക്കനുസരിച്ച് പുതിയ വികസന പദ്ധതികൾ ആവിഷ്കരിക്കുന്നത് സംബന്ധിച്ച നിർദ്ദേശങ്ങൾ ഉയർന്നു.

&&&&&&&&&&&&&&&&&&&&&

## രാജീവ് ചന്ദ്രശേഖർ

അനധികൃതമായി താമസിക്കുന്ന പാകിസ്ഥാനി-ബംഗ്ലാദേശി കുടിയേറ്റക്കാർ രാജ്യത്തിൻറെ സുരക്ഷയ്ക്ക് വലിയ ഭീഷണിയാണെന്ന് ബിജെപി സംസ്ഥാന അധ്യക്ഷൻ രാജീവ് ചന്ദ്രശേഖർ. ഇത്തരക്കാരെ കേരളത്തിൽ നിന്നും പുറത്താക്കാൻ സംസ്ഥാന സർക്കാർ ഉടൻ നടപടി സ്വീകരിക്കണമെന്നും ബിജെപി കൊല്ലം ഈസ്റ്റ് ജില്ലാ വികസിത കേരളം കൺവൻഷൻ ഉദ്ഘാടനം ചെയ്യുകൊണ്ട് അദ്ദേഹം ആവശ്യപ്പെട്ടു. .

RNUTVPM

&&&&&&&&&&&&&&&&&&&&&

## ആശ പ്രവർത്തകരുടെ രാപകൽ സമരയാത്ര

വിവിധ ആവശ്യങ്ങൾ ഉന്നയിച്ച് സംസ്ഥാനത്തെ ഒരു വിഭാഗം ആശ പ്രവർത്തകർ നടത്തി വരുന്ന സമരത്തിൻറെ ഭാഗമായ രാപകൽ സമരയാത്രയ്ക്ക് കാസർഗോഡ് ഇന്ന് തുടക്കമായി. 45 ദിവസം നീണ്ടുനിൽക്കുന്ന സമരയാത്ര എൻ.എ.നെല്ലിക്കുന്ന് എം.എൽ.എ ഉദ്ഘാടനം ചെയ്തു. നിരാഹാര സമരം കഴിഞ്ഞ ദിവസം അവസാനിപ്പിച്ചതിന് പിന്നാലെയാണ് രാപകൽ സമരയാത്ര ആരംഭിച്ചത്.

&&&&&&&&&&&&&&&&&&&&&

## ഐ.പി.എൽ

ഐ.പി.എൽ ക്രിക്കറ്റിൽ ഇന്ന് , സൺറൈസേഴ്സ് ഹൈദരാബാദ്, ഡൽഹി ക്യാപിറ്റൽസിനെ നേരിടും. ഹൈദരാബാദിലെ രാജീവ് ഗാന്ധി അന്താരാഷ്ട്ര സ്റ്റേഡിയത്തിൽ രാത്രി 7.30 നാണ് മത്സരം . പോയിന്റ് പട്ടികയിൽ ഡൽഹി 5 ആം സ്ഥാനത്തും, ഹൈദരാബാദ് 9 ആം സ്ഥാനത്തുമാണ്.

&&&&&&&&&&&&&&&&&&&&&

## ഓഹരി - സ്വർണം

രാജ്യത്തെ ഓഹരി വിപണികളിൽ നേട്ടം. ബോംബെ ഓഹരി സൂചിക സെൻസെക്സ് 295 പോയിൻറ് ഉയർന്ന് 80,796 ലും ദേശീയ ഓഹരി സൂചിക നിഫ്റ്റി 114 പോയിൻറ് നേട്ടത്തിൽ 24,461 ലും വ്യാപാരം അവസാനിപ്പിച്ചു. സ്വർണവില കൂടി. പവന് 160 രൂപ കൂടി 70,200 രൂപയും ഗ്രാമിന് 8,775 രൂപയുമാണ് ഇന്നത്തെ വില.

&&&&&&&&&&&&&&&&&&&&&

## മഴ

ഒറ്റപ്പെട്ട ശക്തമായ മഴയ്ക്ക് സാധ്യതയുള്ളതിനാൽ കൊല്ലം, പത്തനംതിട്ട, കോട്ടയം, ഇടുക്കി ജില്ലകളിൽ കേന്ദ്ര കാലാവസ്ഥ വകുപ്പ് ഇന്ന് മഞ്ഞ ജാഗ്രത പ്രഖ്യാപിച്ചു.

നാളെ രാത്രി 11.30 വരെ കേരള , കന്യാകുമാരി തീരത്ത് കള്ളക്കടൽ പ്രതിഭാസത്തിന് സാധ്യതയുള്ളതിനാൽ മത്സ്യത്തൊഴിലാളികളും തീരദേശവാസികളും ജാഗ്രത പാലിക്കണം. ഉയർന്ന തിരമാലകൾ കാരണം കടലാക്രമണത്തിനും സാധ്യതയുണ്ട്.

RAJU TVPM

&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&
&&&&&&&&&&&&&&&&&&&&
&&&&&&&&&&&&&&&&&&&&